**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2211** **20-01-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ശിശുക്ഷേമസമിതിയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ശിശുക്ഷേമസമിതിയിൽ ഏതൊക്കെ തസ്തികകളിലേക്കാണ് അടുത്തിടെ നിയമനം നടത്തിയതെന്ന് അറിയിക്കുമോ; | (എ) | കേരള സംസ്ഥാന ശിശു ക്ഷേമ സമിതിയിൽ കരാർ / ദിവസക്കൂലി അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തസ്തികകളിലേക്ക് അടുത്തിടെ നിയമനം നടത്തിയിട്ടുണ്ട് . നഴ്സ് (കരാർ) നഴ്സ്(ദിവസക്കൂലി) ആയ (ദിവസക്കൂലി ) സെക്യൂരിറ്റി(ദിവസക്കൂലി) ഡ്രൈവർ കം അറ്റൻഡർ (ദിവസക്കൂലി) ബാലസേവിക/ചൈൽഡ് കെയർ വർക്കർ (ദിവസക്കൂലി) ലീഗൽ കൺസൾട്ടൻറ് (കരാർ) അസിസ്റ്റൻറ്(കരാർ) |
| (ബി) | ആയതിനായുള്ള അപേക്ഷ ക്ഷണിച്ച് പത്രപരസ്യം നൽകിയിരുന്നോ; എങ്കിൽ ഏതൊക്കെ പത്രങ്ങളിലാണ് പരസ്യം നല്കിയതെന്ന് വ്യക്തമാക്കുമോ; | (ബി) | കരാർ നിയമനങ്ങളിൽ പത്ര പരസ്യം നൽകിയിരുന്നു , മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, കേരള കൗമുദി, മംഗളം, മാദ്ധ്യമം എന്നീ പത്രങ്ങളിൽ അപേക്ഷ ക്ഷണിച്ചു കൊണ്ട് അറിയിപ്പ് നൽകിയിരുന്നു. |
| (സി) | പ്രസ്തുത നിയമനങ്ങളിൽ ക്രമക്കേട് നടന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (സി) | ലീഗൽ കൺസൽട്ടൻറ് നിയമനവുമായി ബന്ധപെട്ടു ലഭിച്ച പരാതി സർക്കാർ പരിശോധിച്ചു വരികയാണ് |
| (ഡി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ നിയമിക്കാതെ പത്രപരസ്യം നൽകി നിയമനം നടത്തുന്നത് ഏത് സാഹചര്യത്തിലാണ്? | (ഡി) | കൊച്ചിൻ ലിറ്റററി സയൻറിഫിക്ക് ആൻറ് ചാരിറ്റിബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം (12 ഓഫ് 1955) പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ശിശുക്ഷേമ സമിതി. സമിതി നിയമാവലി, സമിതിക്ക് സ്വന്തമായുള്ള സർവ്വീസ് റൂൾ ഇവ പ്രകാരമാണ് ജീവനക്കാരുടെ നിയമനങ്ങൾ നടത്തുന്നത്. കോവിഡുമായി ബന്ധപ്പെട്ട് പ്രത്യേക പ്രതിസന്ധി സാഹചര്യത്തിലും സ്ഥാപനത്തിൻറെ അടിയന്തിര ആവശ്യം പരിഗണിച്ചുമാണ് പത്രപ്പരസ്യം നൽകി നിയമനം നടത്തിയത് |

സെക്ഷൻ ഓഫീസർ